# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 5, No. 5 : മേയ് 2012**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

*ധർമ്മ വാണി*

*മേരാ ഭീ ഹോവേ ഭലാ,*
*ഭലാ സഭീ കാ ഹോയ്,*
*ജന്-ജന് കാ ഹോവേ ഭലാ,*
*ശുദ്ധ ധർമ്മ ഹൈ സോയ്.*

തനിക്കും നൻമ വരട്ടെ,
നൻമ വരട്ടെ എല്ലാർക്കും,
ജനം-ജനത്തിന് നൻമ കൊടുക്കും,
ശുദ്ധ ധർമ്മമിതല്ലോ.

— **എസ. എൻ. ഗോയങ്ക**

# ഉള്ളിലെ തടസ്സങ്ങൾ (2 ാം ഭാഗം)

**എസ. എൻ. ഗോയങ്ക**

*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 28 ാം ഭാഗം)*

.... ധർമ്മം ധാരണം ചെയ്യേണ്ടതുണ്ട്. ധാരണം ചെയ്യുകയാണെങ്കിലേ ധർമ്മമാവുകയുള്ളു. അപ്പോഴേ ധർമ്മത്തിന്റെ ഫലം പ്രാപ്തമാവുകയുള്ളു. അല്ലെങ്കിൽ അമ്പലങ്ങളിലെ ധർമ്മം, പള്ളികളിലെ ധർമ്മം, ഗുരുദ്വാരകളിലെ ധർമ്മം, സ്തൂപങ്ങളിലെ ധർമ്മം; ഈ ഗ്രന്ഥങ്ങളിലെ ധർമ്മം, ആ ഗ്രന്ഥങ്ങളിലെ ധർമ്മം, ജീവിതത്തിൽ ഉൾപ്പെടുത്തിയില്ലല്ലോ, അപ്പോൾ ധർമ്മം എങ്ങനെയായി? ധരാണം ചെയ്താലെ ധർമ്മമാവുകയുള്ളു.

ധർമമില്ലമ്പലങ്ങളിൽ, ധർമ്മമില്ലയങ്ങാടികളിൽ
ധർമ്മമില്ല ഗ്രന്ഥങ്ങളിൽ, ധാരകനവനേ ലഭിക്കുകയുള്ളു

ഏതോരാൾ ധാരണം ചെയ്യുന്നോ, അവനേ ധർമ്മം ലഭിക്കുകയുള്ളു. ധാരണം ചെയ്യുന്നില്ല, കേവലം ചർച്ച തന്നെ ചർച്ച, കൂടാതെ എവിടെ കേവലം ചർച്ചയോടു ചർച്ച ഉണ്ടാകുന്നോ, അവിടെ പിന്നെ വാദം-വിവാദവും തർക്ക-വിതർക്കവുമേ ഉണ്ടാവുകയുള്ളു. പ്രവചനം കേട്ടു. എന്നിട്ട് വിവാദം ചെയ്യണമെങ്കിൽ ഏതെങ്കിലും ഒരു ശബ്ദത്തെ പിടിക്കും, അതിനെ ലാത്തിയാക്കി പ്രഹാരം തുടങ്ങും, ഇങ്ങനെ എന്തുകൊണ്ടു പറഞ്ഞു. ഈ ശബ്ദത്തിന്റെ ഈ അർത്ഥമാണ്. ഞങ്ങളുടെ ഇവിടെയാകട്ടെ ഇങ്ങനെയാണ്. അയ്യോ, ധർമ്മം വിവാദത്തിനല്ല, ധരാണം ചെയ്തു നോക്കുക. മുഴുവൻ വിവാദവും ദൂരികരിക്കപ്പെടും.

ധാരണം ചെയ്യുന്നതിനായി ആരെങ്കിലും വന്നു. ആദ്യമായി ചിലപ്പോൾ മനസ്സിൽ സംശയവുമായി വരാം, മനസ്സിൽ ഏതെങ്കിലും ശങ്കയുമായി വരാം, പിന്നെ നോക്കുന്നു ഇവിടെ എന്താണ് ചെയ്യുന്നത്? സാർവ്വജനീനമായ ആലംബനമുണ്ടല്ലോ, അത്തരം ആലംബനത്താൽ മനസ്സിനെ ഏകാഗ്രമാക്കി – ശ്വാസത്തിന്റെ ആലംബനത്താൽ. ശ്വാസമാകട്ടെ എല്ലാവർക്കും ഒരുപോലെയാണ്. കൂടാതെ ചിത്തത്തെ നിർമ്മലമാക്കി അതും ശരീരത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംവേദനകളുടെ ആലംബനത്താൽ. അതാകട്ടെ എല്ലാവർക്കും ഒരുപോലെയാണ്. അപ്പോൾ സാർവ്വജനീനമായ കാര്യമാണ്. ഒരു കാഠിന്യവുമുണ്ടായില്ല. കൂടാതെ നോക്കൂ ഫലവും ലഭിച്ചു.

ആരെങ്കിലും ധർമ്മത്തിന്റെ പേരിൽ ഇങ്ങനെ പറയുകയാണ്, നീ ധർമ്മത്തെ ധാരണം ചെയ്യുക, ഞാൻ പറയുന്നതുപോലെ ധാരണം ചെയ്യുക എന്നാൽ മരിച്ച ശേഷം നിനക്ക് ഫലം ലഭിക്കും. മരിച്ചശേഷം തീർച്ചയായും ലഭിക്കുമായിരിക്കും, അതില്ല എന്നു പറയുന്നില്ല എന്നാൽ ഇപ്പോഴെന്താണ് ലഭിക്കുന്നത്. ഇന്നും ലഭിക്കേണ്ടതുണ്ടല്ലോ! ധർമ്മം ധാരണം ചെയ്യുക. മുന്നോട്ടു പോയാൽ ഭവത്തിൽ നിന്നും മുക്തി ലഭിക്കും. സംസാരചക്രത്തിൽ നിന്നും മുക്തി ലഭിക്കും. അയ്യോ ആകാം; ഇന്ന് മുക്തിയുണ്ടാകുന്നുണ്ടോ? ബന്ധനമെന്തിന്റെയാണ്? എന്തിൽ നിന്നാണ് മുക്തി വേണ്ടത്? ബന്ധനം വികാരങ്ങളുടെയല്ലെ? കൂടാതെ വികാരങ്ങളിൽ നിന്നുതന്നെയല്ലെ മുക്തി വേണ്ടത്. വികാരവും ഉണ്ട് കൂടാതെ മുക്തിയും വേണം എങ്കിൽ എപ്രകാരം നടക്കാനാണ്?

'ജൊ ഭായി ചിത്ത് ന തജെ വികാരാ,
തൊ ജെ കെഹി വിധി ഹോവെ ഭവ പാരാ?'

മനസ്സിൽ വികാരവും ഉണ്ടാകും കൂടാതെ ഞാൻ മുക്തനുമാകണം, ഭവത്തിൽ നിന്നും മുക്തനുമാകണം, ജന്മമരണ ചക്രത്തിൽ നിന്നും വിടുതലുമാകണം, എങ്കിൽ സഹോദരാ, എവിടെയോ

എന്തോ ചതിയുണ്ട്. രക്ഷപ്പെടണം. അതിനാൽ ധർമ്മം ധാരണം ചെയ്തുകൊണ്ടിരിക്കുകയാണ്. വികാരം പോകുന്നില്ല. എന്നാൽ ആശിക്കുകയാണ് മരിച്ചതിനുശേഷം എന്തെങ്കിലും ലഭിക്കും, ഏതെങ്കിലും അസാധാരണമായ കാര്യമാകും, ഞാൻ മുക്തനായിത്തീരും, എങ്കിൽ സഹോദരാ, ഈ ചതിയിൽ നിന്നും രക്ഷപ്പെടേണ്ടതുണ്ട്.

ധർമ്മമാണ്, കൂടാതെ ധാരണം ചെയ്യാൻ തുടങ്ങിയാൽ അതിന്റെ പരിണാമം ഇവിടെ തന്നെ വരേണ്ടതുണ്ട്. കുറച്ചുകുറച്ചായിരിക്കാം വരുന്നത് എന്നാൽ വരാൻ തുടങ്ങി. എന്റെ വികാരം കുറച്ചുകുറച്ചാണ് പോകുന്നത് എന്നാൽ പോകാൻ തുടങ്ങിയല്ലൊ. ഞാൻ ധർമ്മവും ധാരണം ചെയ്യും എന്നാൽ വികാരം അപ്രകാരം തന്നെയാണ് നേരെ മറിച്ച് അതിന്റെ സംവർദ്ധനം നടന്നുകൊണ്ടിരിക്കുകയാണെങ്കിൽ എവിടെയോ എന്തോ കുഴപ്പമുണ്ട്. ധാരണം ചെയ്താൽ ധർമ്മരസം ആസ്വദിക്കുക തന്നെ ചെയ്യും. ചർച്ച തന്നെ ചർച്ച ചെയ്യുകയാണെങ്കിൽ രസം എങ്ങനെ ആസ്വദിക്കും?

രസഗുള്ള വളരെ മധുരമുള്ളതാണ്, വളരെ മധുരമുള്ളതാണ്. ആകാം സഹോദരാ. ആരെങ്കിലും പറയുകയാണ് അതിനാൽ വിശ്വസിക്കുന്നു. വിശ്വസിക്കുന്നില്ലെങ്കിൽ അവർ മനസ്സിലാക്കിക്കുന്നു, ഇതിൽ ശർക്കര ഉണ്ടല്ലോ, ഇതിനാലാണ് മധുരം. അതെ മനസ്സിലായി ഇതിൽ ശർക്കര ഉണ്ട് ഇതിനാലാണ് മധുരം. എന്തു പ്രയോജനം ഉണ്ടായി. നിന്റെ നാവിൽ വച്ചാലല്ലെ മധുരമെന്നറിയുകയുള്ളു. അപ്പോൾ ധർമ്മത്തിന്റെ ചർച്ച തന്നെ ചർച്ച ചെയ്യുകയാണ്, ബുദ്ധിവിലാസം ചെയ്യുകയാണ്, വാണിവിലാസം ചെയ്യുകയാണ് എന്നാൽ ധാരണം ചെയ്യുകയില്ലെങ്കിൽ സഹോദരാ, ധർമ്മത്തിന്റെ ഏതൊരു ഫലം ലഭിക്കേണ്ടതുണ്ടോ, അതിൽ നിന്നും വഞ്ചിതനായിപ്പോകും. അതിനാൽ ഫലം ലഭിക്കട്ടെ.

സത്യമായും ശീലം ധാരണം ചെയ്യുന്നതിന്റെ അഭ്യാസം തുടങ്ങി. സത്യമായി മനസ്സിനെ വശത്താക്കാനുള്ള അഭ്യാസം തുടങ്ങി. സത്യമായും മനസ്സിനെ നിർമ്മലമാക്കാനുള്ള അഭ്യാസം തുടങ്ങി. ഇതേ പരിണാമം വരും, വരാൻ തന്നെ തുടങ്ങുന്നു. ഇതു തന്നെയാണ് സാർവ്വജനീനമായ ധർമ്മം, എല്ലാവരുടെയും ധർമ്മം. മതി, എല്ലാവരുടെയും ധർമ്മമാണ് ഇത് മനസ്സിലാകട്ടെ അപ്പോൾ ധാരണം ചെയ്യാൻ ഒരു കാഠിന്യവും ഉണ്ടാകില്ല. അതിനാൽ ധർമ്മത്തിനെപ്പറ്റി കലഹം അരുത്, അടിപിടി അരുത്. ധർമ്മം എല്ലാവരുടെയുമാണ്.

ചിത്തത്തെ നിർമ്മലം ആക്കുന്നതു തന്നെയാണ് ധർമ്മം. വികാരങ്ങളിൽ നിന്നും വിമുക്തമാക്കുന്നതു തന്നെയാണ് ധർമ്മം. എല്ലാവരുടെയും ധർമ്മം. ഏതു പരമ്പരയുടെ ഗ്രന്ഥത്തെയും എടുത്തു നോക്കുക, ധർമ്മം സമാഹിതമായിരിക്കുകയാണ്. വിപശ്യന സമാഹിതമാണ്. ഇപ്പോൾ എന്നാൽ പാരായണം മാത്രമാണ് ചെയ്യുന്നത്, അപ്പോൾ എന്താകും? കൂടാതെ പാരായണം തന്നെയാണ് ചെയ്യുന്നത്, അർത്ഥം മനസ്സിലായില്ല. അപ്പോൾ അതിനെ എങ്ങനെ ധാരണം ചെയ്യും. ധാരണം ചെയ്താൽ മാത്രമേ ധർമ്മം നിലനില്ക്കുകയുള്ളു. കൂടാതെ മംഗളമാകുകയുള്ളു.

അനേക സമ്പ്രദായത്തിലെ ജനങ്ങൾ ശിബിരങ്ങളിൽ വരാറുണ്ട്. കൂടാതെ ഓരോ ശിബിരത്തിനു ശേഷവും പറയുന്നുണ്ട്. അയ്യോ, ഇപ്പോൾ മനസ്സിലായി, ഞങ്ങളുടെ പരമ്പരയിലെ ഏതൊരു ധർമ്മ ഗ്രന്ഥമുണ്ടോ, അതിന്റെ ഈ കാര്യമാകട്ടെ ഇപ്പോൾ മനസ്സിലായി. കാര്യമാകട്ടെ അതുതന്നെയാണ്. എല്ലാ ഗ്രന്ഥങ്ങളിൽ ധർമ്മത്തിന്റെ കാര്യമാകട്ടെ ഒന്നുതന്നെയാണ്. സാരമാകട്ടെ എല്ലായിടത്തും ഒന്നുതന്നെയാണ് എന്നാൽ ധർമ്മത്തെ ധാരണം ചെയ്യാതെ സാരത്തെ എങ്ങനെ മനസ്സിലാക്കും.

ഒരു ശിബിരം പള്ളിയിൽ വച്ചു. കച്ച് പ്രദേശത്തെ ഏതൊ ഒരു പള്ളി, വളരെ വലിയ പള്ളി, അതിനൊപ്പം വളരെ വലിയ അമ്പലം കൂടിയുണ്ട്. ശിബിരം വച്ചു. രണ്ടു ശിബിരം തുടർച്ചയായി വച്ചു, ഒന്നിനു പിറകെ ഒന്ന്. രണ്ടാമത്തെ ശിബിരം സമാപ്തമായി. അതിൽ അനേക പേർ ഇരുന്നിരുന്നു. അതിൽ രണ്ട് മൗലവി വലിയ ആലിംഫാജിൽ, വലിയ വിദ്വാൻ. ശിബിരം സമാപ്തമായപ്പോൾ വന്ന് പറയുകയാണ്, ഖുറാൻ ശരീഫിന്റെ രണ്ടു വരികൾ ഇന്നാണ് മനസ്സിലായത് കൂടാതെ വളരെ നല്ല തരത്തിൽ മനസ്സിലായി. അപ്പോൾ എന്നോട് ഖുറാൻ ശരീഫിന്റെ രണ്ടു വരികൾ പറയുകയാണ്.

'മന് അറബ് ന ഫസ്ഹും, മന് അറബ് ന ഫസ്ഹും
ഫകത അറബ് രബ്ബഹും, ഫകത് അറബ് റബ്ബ്ഹും'

എന്നിട്ട് അതിന്റെ അർത്ഥം മനസ്സിലാക്കി തരുകയാണ്, ആര് സ്വന്തം ശ്വാസത്തെ നോക്കുന്നുവോ, സ്വന്തം ശരീരത്തെ നോക്കുന്നു. നല്ല പ്രകാരത്തിൽ നോക്കുന്നു, അവൻ റബ്ബിനെ നോക്കുന്നു, പരമാത്മാവിനെ നോക്കുന്നു. എങ്ങനെ നോക്കി? എന്തെങ്കിലും കാര്യമുണ്ടോ, ഖുറാൻ ശരീഫ് എന്താണ് ആഗ്രഹിക്കുന്നത് എന്ന് ഇപ്പോൾ മനസ്സിലായി. – ശ്വാസത്തെ നോക്കു, ശരീരത്തെ നോക്കു, എപ്രകാരമാണ് സ്വന്തം ശരീരത്തെ നോക്കുക – കുളിക്കുമ്പോൾ ദിവസവും നോക്കുന്നുണ്ട് ഞങ്ങൾക്ക് അള്ളഹുവിനെ കാണാൻ കഴിഞ്ഞില്ല. കൂടാതെ ശ്വാസത്തിനെ എന്താണ് നോക്കാനുള്ളത്, ഇതിന് ഒരു നിറമില്ല, ഒരു രൂപമില്ല, ഒരു ആകൃതിയില്ല എന്താണ് നോക്കാനുള്ളത്? നോക്കുക എന്നതിന്റെ അർത്ഥം അനുഭവം ചെയ്യുക, ഇപ്പോൾ മനസ്സിലായി.

അതിനാൽ സഹോദരാ, എപ്രകാരമുള്ള ഗ്രന്ഥമായാലും ശരി, ധർമ്മത്തിന്റെ കാര്യമാകട്ടെ ഉണ്ടാകുകതന്നെ ചെയ്യും. നമ്മൾ ധാരണം ചെയ്യുന്നില്ലെങ്കിൽ ആ വാണിയുടെ അപരാധമെന്താണ്? വാണിയാകട്ടെ സ്വയം ശരിതന്നെയാണ്. നമ്മൾ അർത്ഥം മറന്നുപോയി. ജോലി ചെയ്യാൻ മറന്നുപോയി. അപ്പോൾ അതിന്റെ പരിണാമം എങ്ങനെ വരും? എല്ലാ ഗ്രന്ഥങ്ങളിലും വിപശ്യനയുടെ ചർച്ച തന്നെ ചർച്ച, എന്നാൽ വിപശ്യനയുടെ അഭ്യാസം ചെയ്യുന്നില്ലെങ്കിൽ എന്തു പ്രയോജനം? നമുക്ക് ലാഭം എങ്ങനെ ലഭിക്കും? സത്യമായും വിപശ്യന സ്വന്തം ശുദ്ധരൂപത്തിൽ തന്നെയാണോ അയൽരാജ്യത്തുനിന്നു വന്നത് അതിനെ പരിക്ഷിക്കാനുള്ള ഒരു വിധി ഇതാണ്, ഇപ്പോൾ പരിണാമം തരുന്നുണ്ടോ? ഇത് പരിണാമദായകമാണോ? ഉടൻതന്നെ ഫലം തരുന്നതാണോ? അല്ല ഇതും അപ്രകാരമാണോ –

ആരെങ്കിലും ആശ്വസിപ്പിക്കുകയാണ് എന്തെന്നാൽ മരിച്ചതിനു ശേഷം ഇതായിത്തീരും, അതായിത്തീരും. അയ്യോ, ആയിത്തീരും അത് അതിന്റെ സ്ഥാനത്ത്. ഇപ്പോൾ എന്താണ് ആകുന്നത് ഇപ്പോൾ എന്ത് പരിണാമമാണ് വരുന്നത്. ആര് ധാരണം ചെയ്യുമോ, എപ്പോൾ ധാരണം ചെയ്യുമോ, എവിടെ ധാരണം ചെയ്യുമോ, അപ്പോൾ തന്നെ പരിണാമം വന്നാൽ ധർമ്മമാണ് അതല്ലെങ്കിൽ എന്തെങ്കിലും വഞ്ചന ആണ്.

ധർമ്മമാണെങ്കിൽ സാർവ്വജനീനമാകും, എല്ലാവർക്കും സമാനരൂപത്തില് നന്മ ചെയ്യുന്നത്. ആര് ധാരണം ചെയ്താലും, ഏതു സമ്പ്രദായ ത്തിലെയായാലും, ഏതു ജാതിയുടെ ആയാലും ഏതു വർണ്ണത്തിന്റെയായാലും, ഏതു ഗോത്ര ത്തിന്റെയായാലും, ഏത് നിറത്തിന്റെയോ, രൂപത്തിന്റെയോ ആയാലും, പുരുഷനായാലും സ്ത്രീയായാലും ഒരു വ്യത്യാസവും വരില്ല. ആര് ധാരണം ചെയ്യുമോ, അവർക്ക് നല്ല പരിണാമം വരിക തന്നെ ചെയ്യും. എവിടെ ധാരണം ചെയ്താലും നല്ല പരിണാമം വരിക തന്നെ ചെയ്യും. എപ്പോൾ ധാരണം ചെയ്താലും നല്ല പരിണാമം വരികയാണെങ്കിൽ സാർവ്വ ജനീനമാണ്, സാർവ്വ ദേശികമാണ്, സാർവ്വ കാലികമാണ്.

അതിനാൽ ഈ വിദ്യ ഭാരതത്തിന്റെ വളരെ പുരാതന വിദ്യയാണ്, വളരെ പുരാതന വിദ്യയാണ്. ഇപ്പോൾ മറന്നുപോയി എങ്കിൽ എന്തു ചെയ്യാൻ സാധിക്കും. വീണ്ടും ഉണർന്നു അതിനാൽ ശരിക്കും മനസ്സിലാക്കിക്കൊണ്ട്, നല്ലപോലെ പരീക്ഷിച്ചു കൊണ്ട് സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ പരീക്ഷിച്ച തിനുശേഷം പരിണാമം നല്ലതാണെന്നു കണ്ടു, രാഗം പോകുന്നുണ്ട്, ദ്വേഷം പോകുന്നുണ്ട്, ക്രോധം പോകുന്നുണ്ട്, കാമവാസന പോകുന്നുണ്ട്, ഭയം പോകുന്നുണ്ട്, അഹങ്കാരം പോകുന്നുണ്ട്. മനസ്സിന്റെ മുഴുവൻ ദുർബലതകളും പോകുന്നുണ്ട്, മനസ്സ് വളരെ ബലവാനാകുന്നുണ്ട്.

ഈ മുഴുവൻ ഗുണങ്ങലുണ്ട്, എങ്കിൽ സഹോദരാ, സ്വീകരികേണ്ടതു തന്നെയുണ്ട്, പിന്നെ ധാരണം ചെയ്യേണ്ടതുണ്ട്, അഭ്യാസം ചെയ്യേണ്ട തുണ്ട്. വേദത്തിന്റെ പേരിൽ ചെയ്യുക, ഖുറാൻശരിഫിന്റെ പേരിൽ ചെയ്യുക, ഗീതയുടെ പേരിൽ ചെയ്യുക. ബൈബിളിന്റെ പേരിൽ ചെയ്യുക. ബുദ്ധവാണിയുടെ പേരിൽ ചെയ്യുക. ഏതു പേരിലും ചെയ്യുക. അഭ്യാസം ചെയ്യുമെങ്കിൽ ഫലം ലഭിക്കുക തന്നെ ചെയ്യും. അഭ്യാസം തന്നെ ചെയ്യുന്നില്ലെങ്കിൽ ഫലം എങ്ങനെ ലഭിക്കും? ലാഭമെങ്ങനെ ലഭിക്കും?

ഏതെങ്കിലും ഒരു സമ്പ്രദായത്തിൽ നിന്നും മറ്റൊരു സമ്പ്രദായത്തിൽ ദീക്ഷിതമാകണം – ഇതിന്റെ ആവശ്യമില്ല. ഇത് ശരിയാണ്, ഒരു മഹാപുരുഷൻ ഈ വിദ്യ, നഷ്ടമായ ഈ വിദ്യ അന്വേഷിച്ചു കണ്ടെത്തി. ധർമ്മത്തിൽ എത്ര എത്ര പാകമായി പോകുന്നുവോ, അദ്ദേഹത്തിനെപ്പറ്റി കൃതജ്ഞതയുടെ ഭാവമാകട്ടെ ഉണരുക തന്നെ ചെയ്യുന്നു. ഓ, അദ്ദേഹം അന്വേഷിച്ചു കണ്ടെത്തി യില്ലെങ്കിൽ നമ്മൾക്ക് എങ്ങനെ പ്രാപ്തമാകും? പുസ്തകങ്ങളിൽ മാത്രം അവശേഷിക്കുമായിരുന്നു. കൂടാതെ അയൽരാജ്യത്തുള്ള ജനങ്ങൾ ഗുരുശിഷ്യ പരമ്പര, ഗുരുശിഷ്യ പരമ്പര വഴി ഇത്ര നൂറ്റാണ്ടുകളായി ശുദ്ധരൂപത്തിൽ സൂക്ഷിച്ചു വച്ചു, അതുകൊണ്ടല്ലെ നമ്മൾക്ക് ലഭിച്ചത്. ഇല്ലെങ്കിൽ എങ്ങനെ പ്രാപ്തമാകുമായിരുന്നു. അതിനാൽ അവരൊടും കൃതജ്ഞതയുടെ ഭാവം ഉണരുന്നു, കൃതജ്ഞത ധർമ്മത്തിന്റെ ഒരു ആവശ്യമായ അംഗമാണ്. ഒരു വ്യക്തി ധർമ്മത്തിൽ പാകമാകുന്നുണ്ടോ എന്ന് അളന്നു നോക്കുന്നത് കൃതജ്ഞത ഉണ്ടോ എന്നു നോക്കിയാണ്. അത് വേറെ കാര്യം – 'എന്നെപ്പറ്റി കൃതജ്ഞത ഉണ്ടാകണം, ഞാൻ വളരെ ഉപകാരം ചെയ്തു എന്നു വിശ്വസിക്കണം,' ഇത് ബുദ്ധൻ ആഗ്രഹിക്കുന്നില്ല. കരുണയോടെ അദ്ദേഹം ഇതിനെ തന്നു. ആര് സൂക്ഷിച്ചുവച്ചുവോ, 'ഞങ്ങളൊട് കൃതജ്ഞത ഉണ്ടാകണമെന്ന് അവരും പറയുന്നില്ല.' അവർ കരുണയാൽ സൂക്ഷിച്ചുവച്ചു എന്നിട്ട് വിതരണം ചെയ്തു. സഹോദരാ, നമ്മുടെ ജോലിയാണ് – മനസ്സിൽ കൃതജ്ഞതയുടെ ഭാവം ഉണർത്തേണ്ടത്.

എന്നാൽ ഇത് നല്ലപോലെ നിരീക്ഷിക്കണം – നമ്മളെ ഏതെങ്കിലും സമ്പ്രദായത്തിലൊന്നും ബന്ധിക്കുന്നില്ലല്ലോ. സമ്പ്രദായത്തിൽ ബന്ധിച്ചാൽ ധർമ്മം ആകുന്നില്ല. ധർമ്മം സാർവ്വജനീനമാണ്. എല്ലാവർക്കും ഒരുപോലെ ഉപകാരപ്രദമാണ്. അതിനാൽ മനസ്സിലാക്കിക്കൊണ്ട് ധർമ്മധാരണം ചെയ്യേണ്ടതുണ്ട്. കൂടാതെ വീണ്ടും ഒരു പ്രാവശ്യം – രണ്ടായിരത്തി അഞ്ചുറുവർഷം മുൻപ് ഇത് ജീവിച്ചിരുന്നു. നഷ്ടപ്പെട്ട ഈ വിദ്യ ഭാരതത്തിൽ വീണ്ടം ഉണർന്നിരുന്നു. അതിനാൽ അദ്ദേഹം എപ്രകാരമാണ് ജനങ്ങൾക്ക് നന്മ ചെയ്തത്, എപ്രകാരമാണ് ജനങ്ങൾക്ക് ഉപകാരം ചെയ്തത്. കൂടാതെ എവിടെ എവിടെ ശുദ്ധരൂപത്തിലിരുന്നു, അവിടെ അവിടെ കുറച്ചു ജനങ്ങൾ തന്നെയാണ്, കൂടാതെ ഇന്നും അതേ വിദ്യ ജനങ്ങൾക്ക് ഉപകാരം ചെയ്തുകൊണ്ടിരിക്കുകയാണ്. ആയതുകൊണ്ട് ശരിയായ വിദ്യയാണ്. അതല്ലെങ്കിൽ എന്തോ വഞ്ചനയാണ്.

അപ്പോൾ 2500, 2600 വർഷം മുമ്പുള്ള ഭാരതം ഭഗവാൻ ബുദ്ധന്റെ ഈ വിദ്യ വിതരണം ചെയ്യുകയായിരുന്നു, ജനങ്ങൾ എത്ര മാറി. എത്ര പേരുടെ ജീവിതം മാറി. എത്ര പേരുടെ ദുഃഖം ദൂരെയായി. അംഗുലിമാലയുടെ ഒരു ഉജ്ജ്വല ഉദാഹരണം. ആ വ്യക്തി 999 വ്യക്തികളുടെ ഹത്യ ചെയ്തു എന്നിട്ട് ആയിരാമത്തെ വ്യക്തിയുടെ അന്വേഷണത്തിലാണ്. അയാൾക്ക് – ആയിരം മനുഷ്യരുടെ ഹത്യ ചെയ്യേണ്ടതുണ്ട്, ഈ വ്രതം പൂർത്തീകരിക്കേണ്ടതുണ്ട്. അയാളുടെ എത്ര പാറപോലെയുള്ള ഹൃദയമായിരിക്കും? എത്ര നിർദയൻ, എത്ര കഠോരൻ, മനുഷ്യത തന്നെ നഷ്ടപ്പെടുത്തി. ഏതെങ്കിലും പ്രാണിയെ കൊല്ലുകയാണെങ്കിൽ മനസ്സിൽ ദ്വേഷം ഉണർത്തേണ്ടതുണ്ട്, ക്രോധം ഉണർത്തേണ്ടതുണ്ട്. മനുഷ്യനെ കൊല്ലുന്നതാകട്ടെ വളരെ കഠിനമാണ്. എത്ര ക്രോധം, എത്ര ദ്വേഷം, എത്ര ദുർഭാവന? – അപ്പോൾ ഏതെങ്കിലും മനുഷ്യന്റെ ഹത്യ ആകുന്നു. 999 മനുഷ്യരുടെ ഹത്യ ചെയ്തു എങ്കിൽ ചിത്തത്തിൽ എത്തരം സംസ്കാരമാണ് സ്വരൂപിച്ചത്? എത്തരം കർമ്മസംസ്കാരം, കല്ലിൽ വരച്ച വര, കല്ലിൽ വരച്ച വര. ആ വ്യക്തി ബുദ്ധന്റെ സമ്പർക്കത്തിൽ വന്നു. ശരിയായ കാര്യം ഇതാണ് – ബുദ്ധൻ അയാളുടെ സമ്പർക്കത്തിൽ വന്നു. അപ്പോൾ ധർമ്മത്തിന്റെ സമ്പർക്കത്തിൽ വന്നു. ഇതേ വിദ്യ ലഭിച്ചു. ചെയ്തു ചെയ്ത്, സ്വന്തം മനസ്സിന്റെ വികാരം നീക്കി–നീക്കി മഹാനായി,

അരഹന്തനായി. രാഗവിഹീനനായി, ദ്വേഷ വിഹീനനായി. അപ്പോൾ കരുണയാൽ നിറഞ്ഞു. മൈത്രിയാൽ നിറഞ്ഞു. സദ്ഭാവനയാൽ നിറഞ്ഞു. ഇപ്പോൾ നഗരങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിച്ച് ജനങ്ങൾക്ക് ഈ വിദ്യ വിതരണം ചെയ്യുന്നു. അയ്യോ, എന്റെ ജീവൻ എത്ര പോക്കായ ജീവിതമായിരുന്നു എന്നാൽ എങ്ങനെ മാറി.

ഞാൻ സ്വയം ഇത്ര ദുഃഖിതനായ വ്യക്തിയായിരുന്നു, മറ്റുള്ളവരെയും ദുഃഖിത രാക്കിയിരുന്നു. ഞാൻ എങ്ങനെ മാറി? അയ്യോ നിങ്ങളും ഈ വഴിയിൽ നടന്നു നോക്കൂ. എത്ര തന്നെ നടക്കുമോ ഇവിടെതന്നെ ഇതിന്റെ ലാഭം ലഭിക്കും. നിങ്ങളും നടന്നു നോക്കൂ. നിങ്ങളും നടന്നു നോക്കൂ.

ജനങ്ങൾക്ക് വിതരണം ചെയ്യുന്നു, വെറുതെയിരിക്കാൻ കഴിഞ്ഞില്ല. ആര് ധർമ്മത്തിന്റെ രസം ആസ്വദിച്ചുവോ അവൻ മറ്റുള്ളവർക്ക് ധർമ്മത്തിന്റെ രസം ആസ്വദിക്കുന്നതിന് പ്രേരണ കൊടുക്കാൻ തുടങ്ങുന്നു. ചിലപ്പോൾ ഏതെങ്കിലും ഗ്രാമത്തിൽ പോയി – അവിടെ ആരെങ്കിലും തിരിച്ചറിഞ്ഞു – അയ്യോ, ഇത് എന്റെ പിതാവിനെ കൊന്ന് അതേ അംഗുലിമാൽ തന്നെയാണ്. വേറെ സ്ഥലത്ത് പോയി, ആരെങ്കിലും തിരിച്ചറിഞ്ഞു – ഇത് എന്റെ പുത്രനെ കൊന്ന അതേ അംഗുലിമാലയാണ്. എന്റെ ഭർത്താവിന്റെ വധം ചെയ്തു, എന്റെ ഭാര്യയുടെ വധം ചെയ്തു. സഹോദരന്റെ വധം ചെയ്തു. അപ്പോൾ ജനങ്ങൾക്ക് ദേഷ്യം – അപ്പോൾ അടുക്കുന്നു, അദ്ദേഹത്തെ വടിയാൽ അടിക്കുന്നു, കല്ലുകൊണ്ട് ഇടിക്കുന്നു. ശരീരത്തിൽ നിന്ന് രക്തം ഒഴുകുന്നു, രക്തം ധാരയായി ഒഴുകുന്നു എന്നാൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നാകട്ടെ മൈത്രി തന്നെ ഒഴുകുന്നു. കരുണയുടെ ധാര തന്നെ ഒഴുകുന്നു.

നിങ്ങൾക്ക് മംഗളമുണ്ടാകട്ടെ, നിങ്ങൾക്ക് നന്മയുണ്ടാകട്ടെ. ഒരിക്കൽ ഞാനും ഇത്തരത്തിൽ തന്നെ വഴി തെറ്റിയതായിരുന്നു. ഞാനും ജനങ്ങളെ വേദനിപ്പിച്ചിരുന്നു. ഈ വിദ്യ ലഭിച്ചു, എനിക്ക് നന്മയുണ്ടായി. നിങ്ങളും ചെയ്തു നോക്കുക, നിങ്ങളും ചെയ്തു നോക്കുക.

വിദ്യ, ധർമ്മത്തിന്റെ വിദ്യ വ്യക്തിയെ വിശിഷ്ടനായ വ്യക്തിയാക്കി തീർക്കുന്നു, വിശിഷ്ടനായ മനുഷ്യനാക്കുന്നു. അവൻ ഏതൊരു സമ്പ്രദായത്തിലെയായാലും, എന്തു വ്യത്യാസ മാണുള്ളത്. ആരായാലും ശരി ചെയ്യട്ടെ, ധാരണം ചെയ്യട്ടെ. നിർമ്മല ഹൃദയനായിത്തീരും. മുഴുവൻ ദുഃഖങ്ങളിൽ നിന്നും മുക്തനാകും.

ഏതോ ഒരു സ്ത്രീ, വിവാഹമായി ഒരുപാടു വർഷം കടന്നു പോയി. പാവത്തിന് ഒരു സന്താനവുമുണ്ടായില്ല, അതിനാൽ പുത്രനുവേണ്ടി അതിയായ ആഗ്രഹം. പുത്രനുണ്ടാകണം, എനിക്ക് പുത്രൻ പ്രാപ്തമാകണം എന്നാൽ കുറച്ചു ദിനങ്ങൾക്കു ശേഷം, കുറച്ചു വർഷങ്ങൾക്കു ശേഷം അവർക്ക് പുത്രനുണ്ടായി. ഉണ്ടായപ്പോൾ പുത്രനോട് വളരെ സ്നേഹം. ആ സ്നേഹം വലിയ ആസക്തിയായി മാറിപ്പോയി. വർഷം, രണ്ടുവർഷമായപ്പോൾ ഒരു സംഭവം സംഭവിച്ചു. ആ കുട്ടിയെ സർപ്പം കടിച്ചു എന്നിട്ട് അവൻ മരിച്ചു പോയി. അവരുടെ ദുഃഖത്തിന് അളവില്ലാതായി. കുട്ടിയുടെ മൃതശരീരം സ്വന്തം നെഞ്ചിനോട് ചേർത്തുകൊണ്ട് – എന്റെ കുട്ടി മരിച്ചിട്ടില്ല, എന്റെ കുട്ടി മരിച്ചിട്ടില്ല, ഇവൻ ഉറങ്ങിയതാണ്, ഇവനെ ആരെങ്കിലും ഉണർത്തിയാലും, ഇവനെ ആരെങ്കിലും ഉണർത്തിയാലും. ജനങ്ങൾ മനസ്സിലാക്കുകയാണ്, അമ്മേ, ഇവൻ മരിച്ചുപോയി. ഇവനെ ഇനി ആർക്കെങ്കിലും എങ്ങനെ ഉണർത്താൻ കഴിയും, ഉണർത്താൻ കഴിയില്ല. തരൂ, ഇവന്റെ ശരീരം ഞങ്ങൾക്ക് വിട്ടു തരിക, ഞങ്ങളെക്കൊണ്ട് ഇവനെ അടക്കം ചെയ്യാൻ അനുവദിക്കുക, ഇല്ലാ, എന്റെ കുട്ടി മരിച്ചിട്ടില്ല, എന്റെ കുട്ടിക്ക് ജീവനുണ്ട്, ആരെങ്കിലും ഇവനെ ഉണർത്തിയാലും. ഇവൻ ഉറങ്ങിയിരിക്കുകയാണ്, ആരെങ്കിലും ഉണർത്തി യാലും. ഏതെങ്കിലും അത്തരം വൈദ്യൻ ലഭിച്ചെങ്കിൽ.

അപ്പോൾ ജനങ്ങൾ പറഞ്ഞു, അതെ ഒരു വൈദ്യനുണ്ട്. മഹാവൈദ്യനുണ്ട്. അദ്ദേഹത്തിന്റെ വിഹാരത്തിൽ പോകുക. ഭഗവാൻ ഗൗതമ ബുദ്ധനുണ്ട്. ആർക്കറിയാം, അദ്ദേഹം നിങ്ങളുടെ ദുഃഖം ദുരീകരിക്കും. അപ്പോൾ ആ കുട്ടിയെ, അവന്റെ മൃതശരീരത്തെ നെഞ്ചിനോട് ചേർത്ത് ഓടിഓടിപ്പോയി. ഭഗവാന്റെ ചരണങ്ങളിൽ വക്കുന്നു, എന്റെ കുട്ടി മരിച്ചിട്ടില്ല മഹാരാജ്, ഇവന് ജീവനുണ്ട്. ഉറങ്ങിയതാണ്, താങ്ങൾ ഏന്തെങ്കിലും ചെയ്താലും, എന്റെ കുട്ടിയെ ഉണർത്തിയാലും, അവൻ മരിച്ചാൽ പോലും അവനെ ജീവിപ്പിച്ചാലും മഹാരാജ്!

ഭഗവാൻ നോക്കുന്നു, ഇത്ര ഭാവാവേശത്തിലാണ്, ധർമ്മത്തിന്റെ ഒരു കാര്യവും മനസ്സിലാക്കില്ല, മനസ്സിലാക്കാനെ സാധിക്കില്ല. അതിനാൽ പറയുന്നു, ശരി പുത്രി, പോകൂ, നഗരത്തിൽ പോയി ഒരു നുള്ള് കടുക് കൊണ്ടു വരിക. കടുകുമണി കൊണ്ടു വരിക. വളരെ സന്തോഷവതി. ഭഗവാൻ ഏതെങ്കിലും അത്തരം മരുന്നുണ്ടാക്കും അതിനാൽ, എന്റെ പുത്രൻ ജീവിക്കും. നടന്നു. ഭഗവാൻ പറഞ്ഞു, നില്ക്കൂ, മുഴുവൻ കാര്യവും കേട്ടുട്ടു പോകൂ. ഏതു വീട്ടിൽ ആരും മരിച്ചിട്ടില്ലയോ ആ വീട്ടിൽ നിന്നേ കൊണ്ടുവരാവൂ. ശരി, ശരി മഹരാജ്, ആരും മരിച്ചിട്ടില്ലാത്ത അത്തരം വീട് ഒരുപാടുണ്ടാകും. അവിടെ നിന്ന് കൊണ്ടു വരും. പോയി. വീടുവീടുതോറും പോകുന്നു. അയ്യോ, എനിക്ക് ആരെങ്കിലും ഒരുനുള്ള് കടുക് തന്നാലും! എന്റെ കുട്ടിയെ ജീവിപ്പിക്കാമെന്ന് ഭഗവാൻ ബുദ്ധൻ പറഞ്ഞു. നീ ഒരു നുള്ളെന്തിന്, മുഴുവൻ ചാക്ക് കൊണ്ടു പോകുക, നിന്റെ കുട്ടി ഏതെങ്കിലും തരത്തിൽ ജീവിക്കട്ടെ. ശരീ നിങ്ങളുടെ വീട്ടിൽ ആരും മരിച്ചിട്ടില്ലല്ലോ? അപ്പോൾ പാവത്തിന്റെ മുഖം വാടും, എന്തുകൊണ്ടില്ല, എന്റെ അച്ഛൻ മരിച്ചു, എന്റെ ഇന്നയാൾ മരിച്ചു. ഏതു വീട്ടിൽ പോയാലും, എന്റെ ഇന്നയാൾ മരിച്ചു, എന്റെ ഇന്നയാൾ മരിച്ചു: ചിലരുടെ അച്ഛൻ മരിച്ചു, ചിലരുടെ പുത്രൻ മരിച്ചു, ചിലരുടെ സഹോദരൻ മരിച്ചു. മുഴുവൻ നഗരത്തിലും പ്രദക്ഷിണം ചെയ്തു. ആരെങ്കിലും മരിക്കാത്ത ഒരു വീടുപോലും അത്തരത്തിൽ ലഭിച്ചില്ല.

അതിനാൽ ഭഗവാന്റെ പക്കൽ വന്നു. കാര്യം മനസ്സിലായി. ഇപ്പോൾ ധർമ്മത്തിന്റെ കാര്യം മനസ്സിലാക്കാൻ യോഗ്യയായി. അയ്യോ സംസാരത്തിൽ ആര് ജനിക്കുന്നോ, മരിക്കുന്നതിനു

തന്നെയാണ് ജനിക്കുന്നത്, ആദ്യം മരിച്ചാലും പിന്നീട് മരിച്ചാലും.

മകളെ നീ, ദുഃഖത്തിൽ നിന്നകന്നു നില്ക്കുന്നവളാണ്, ഇവനെ ജീവിപ്പിച്ചാലും നിന്റെ ദുഃഖം ദുരീകരിക്കപ്പെടില്ല. വീണ്ടും മറ്റെന്തെങ്കിലും ദുഃഖം വരും, മറ്റെന്തെങ്കിലും ദുഃഖം വരും. ആയതിനാൽ നിനക്ക് ഈ വിദ്യ തരാം. മുഴുവൻ ദുഃഖങ്ങളും ദുരീകരിക്കപ്പെടും. കുട്ടിയുടെ മൃതശരീരം മറ്റുള്ളവർക്ക് വിട്ടുകൊടുക്കുക. ഭഗവാന്റെ പക്കൽ ഇരുന്നുകൊണ്ട് ഇതേ വിദ്യ പഠിച്ചു എന്നിട്ട് ഈ വിദ്യ പഠിച്ച്, പഠിച്ച് ചിത്തം നിർമ്മലം ആയി ആയി മഹതിയായി തീർന്നു, അരഹന്തയായി, മുഴുവൻ കാര്യങ്ങളും മനസ്സിലായി. ഇപ്പോഴാകട്ടെ കരുണ തന്നെ കരുണ, കരുണ തന്നെ കരുണ. ഈ വിദ്യ എല്ലാവർക്കും ലഭിക്കട്ടെ. ഈ സംസാരത്തിലെ സ്ത്രികൾ എത്ര ദുഃഖിതരാണ്, ചിലർക്ക് ഈ കര്യത്തിന്റെ ദുഃഖം, ചിലർക്ക് ആ കാര്യത്തിന്റെ ദുഃഖം. ഞാൻ എങ്ങനെ ഇവർക്ക് വിതരണം ചെയ്യും? ഈ വിദ്യ എങ്ങനെ ജനങ്ങൾക്ക് ലഭ്യമാകും. എങ്ങനെ ജനങ്ങൾക്ക് നന്മയുണ്ടാകും. മുഴുവൻ ജീവിതവും ലോകസേവ തന്നെ ലോകസേവ. വിപശ്യന കൊടുത്തുകൊണ്ട്, വിപശ്യനയുടെ ദാനം ചെയ്തുകൊണ്ട്, വിപശ്യന പഠിപ്പിച്ചുകൊണ്ട് ലോകസേവ തന്നെ ലോകസേവ, ലോകസേവ തന്നെ ലോകസേവ.

വേറൊരു മകളുണ്ടായിരുന്നു, ആ സമയത്തെ ഒരു വലിയ ധനവാന്റെ പുത്രി, കൗമാരപ്രായത്തിൽ നിന്ന് യുവത്വത്തിലേക്ക് മാറുന്ന സമയത്ത് കാൽ വഴുതി. വീട്ടിലെ തന്നെ ഒരു വേലക്കാരന്റെ കൂടെ വീടുവിട്ട് ഓടിപ്പോയി. സമ്പത്തും ആഭരണങ്ങളും എത്ര തന്നെ കൂടെകൊണ്ടുപോകാൻ സാധിച്ചോ കൊണ്ടുപോയി. വർഷം കഴിഞ്ഞു, രണ്ടു വർഷം കഴിഞ്ഞു, വീടിന്റെ ഓർമ്മ വന്നു, അച്ഛൻ അമ്മയുടെ ഓർമ്മ വന്നു. ആവേശമായിരുന്നു. ആവേശം പോയപ്പോൾ സ്വന്തം മാതാപിതാവിന്റെ പക്കൽ പോകണമെന്ന് തോന്നാൻ തുടങ്ങി. ഇപ്രകാരം സമയം കടന്നുപോയി. അവർക്ക് ഒരു പുത്രനുണ്ടായി വീണ്ടും ഒരു പുത്രനുണ്ടായി. വിധിവശാൽ രണ്ടുപേരും മരിച്ചുപോയി. സംയോഗവശാൽ ഭർത്താവും മരിച്ചുപോയി. പിന്നെ സ്വന്തം പിതൃഗൃഹത്തിൽ വന്നു. ശ്രാവസ്തി നഗരത്തിൽ വന്നു. അപ്പോൾ കേട്ടു, തലേന്ന് രാത്രി ഒരു വീട് തകർന്നു, വീട്ടിലെ ഗൃഹനായകൻ അടിയിൽ പെട്ടു മരിച്ചു, ഗൃഹനായിക മരിച്ചു അവരുടെ ഒരേഒരു പുത്രനും മരിച്ചു. അയ്യോ, ഇതുതന്നെയായിരുന്നു അവരുടെ പിതാവ്, ഇതുതന്നെയായിരുന്നു അവരുടെ മാതാവ്, ഇതുതന്നെയായിരുന്നു അവരുടെ ഒരേയൊരു സഹോദരൻ. അവരും മരിച്ചുപോയി. ഇപ്പോൾ എന്റെ എന്നു വിളിക്കാൻ ജീവിതത്തിൽ ആരും തന്നെയില്ല. വളരെ വ്യാകുലയായി, വളരെ വ്യാകുലയായി. ഭ്രാന്തിയായി.

ശ്രാവസ്തിയുടെ തെരുവിലൂടെ ഭ്രാന്തിയെ പ്പോലെ അലഞ്ഞു. പൂർണ്ണ നഗ്നയായി അലഞ്ഞു. അവൾക്ക് ബോധമേയില്ല. ഇത്ര ദുഃഖിത, ഇത്ര ദുഃഖിത. അവൾക്ക് ഏതോ പഴയ പുണ്യമുണ്ടായിരുന്നു. ഭഗവാന്റെ വിഹാരത്തിനു മുന്നിലൂടെ കടന്നുപോകുന്നു. ഭഗവാൻ അവിടെ ഇരുന്നുകൊണ്ട് ഉപദേശം കൊടുക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വാണി അവരുടെ കാതിൽ വീഴുന്നു, വളരെ നന്നായി തോന്നുന്നു. ജനങ്ങൾക്കൊപ്പം പോയി അവിടെ ഇരുന്നു എന്നിട്ട് ആ ധർമ്മത്തിന്റെ അമൃതവാണി കേട്ടു കേട്ടു കേട്ട് അവരുടെ ഭ്രാന്ത് കുറച്ചു സമയത്തേക്ക് മാറിപ്പോയി, അവൾക്ക് ബോധം വരുന്നു അപ്പോൾ നോക്കുന്നു – താൻ നഗ്നയാണ്, പാവം സങ്കോചിതയായി. അടുത്ത് ആരോ നില്ക്കുന്നുണ്ടായിരുന്നു. അവൻ അവന്റെ പുതപ്പ് പുതപ്പിച്ചു. ജനങ്ങൾ അവരുടെ പേരുതന്നെ മറന്നു പോയിരുന്നു. ശ്രാവസ്തി നഗരത്തിലെ കന്യക, ശ്രാവസ്തിയിലുള്ള അവരുടെ പേരുതന്നെ മറന്നുപോയി. അതിനാൽ അന്നു മുതൽ അവരുടെ പേര് പുതപ്പ്പുതച്ചവൾ എന്നായി. ആ പുതപ്പ് ആരോ പുതപ്പിച്ചു, പുതപ്പുപുതച്ചവൾ. ഭഗവാൻ അടുതേക്ക് വിളിച്ചു, എന്റെ ദുഃഖിതയായ മകളെ, അടുത്തു വരൂ, അവർ അടുക്കൽ വരുന്നു, ഭഗവാൻ ഇതു തന്നെ പഠിപ്പിക്കുന്നു. ഇതേ വിദ്യ പഠിപ്പിക്കുന്നു. മുഴുവൻ ദുഃഖങ്ങളിൽ നിന്നും മുക്തയാകുന്നു. മഹതിയായി, അരഹന്തയായി എന്നിട്ട് ലോകസേവ തന്നെ ലോകസേവ.

ഏതെങ്കിലും അഭ്ദുതത്താൽ അവരുടെ പുത്രൻമാരെ ജീവിപ്പിച്ചു, അവരുടെ ഭർത്താവിനെ, അവരുടെ സഹോദരനെ, അവരുടെ മാതാവിനെ, അവരുടെ പിതാവിനെ ജീവിപ്പിച്ചു എങ്കിൽ ദുഃഖങ്ങളിൽ നിന്ന് എങ്ങനെ പുറത്തു വരും. അയ്യോ, എത്ര ജന്മങ്ങളായി എത്ര സഹോദരൻമാർ, എത്ര പിതാവ്, എത്ര മാതാവ്, എത്ര പുത്രൻമാർ മരിച്ചു. അവരുടെ എല്ലാവരുടെയും എല്ലുകൾ വാരിക്കൂട്ടിയാൽ കുമ്പാരമാകും, പർവ്വതമാകും. എന്നിട്ട് അവർക്കായി എത്ര കരഞ്ഞുവോ, ആ മുഴുവൻ കണ്ണുനീരും ഒരുമിച്ചു കൂട്ടിയാൽ ഒരു സമുദ്രം തയ്യാറാകും.

മുഴുവൻ ദുഃഖങ്ങളിൽ നിന്നും പുറത്തു വരുന്നതിനുള്ള വിദ്യ – ഈ ജീവനിലും ദുഃഖത്തിൽ നിന്ന് പുറത്തു വരും കൂടാതെ മുന്നോട്ടും മുഴുവൻ ദുഃഖവും സമാപ്തമാകും. എന്നാൽ ധാരണം ചെയ്യണം, വെറും വാക്ക് കൊണ്ട് ആകില്ല. കൂടാതെ ധാരണം ചെയ്യുന്നത് – വളരെ അധ്വാനമുണ്ട്. ധാരണം ചെയ്യാൻ ആര് തുടങ്ങുമൊ, അവർക്ക് മംഗളം തന്നെ മംഗളം അവർക്ക് നന്മതന്നെ നന്മ. അവർക്ക് സ്വസ്ഥി തന്നെ സ്വസ്ഥി. അവർക്ക് മുക്തി തന്നെ മുക്തി.